"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഇടുക്കി ജില്ലയിലെ ഏലപ്പാറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ.ജയൻ ജോണി യ്ക്ക് എതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയതിനെതിരെയുള്ള അപ്പീൽ തീർപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1246/2025/LSGD തീയതി,തിരുവനന്തപുരം, 21-05-2025

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 04.01.2021-ലെ PAN/164/2021-D8(DP) നമ്പർ ഉത്തരവ്
2. പഞ്ചായത്ത് ഡയറക്ടറുടെ 09.04.2021ലെ PAN/164/2021-D8(DP) നമ്പർ കുറ്റാരോപണ മെമ്മോ.
3. പഞ്ചായത്ത് ഡയറക്ടറുടെ 21.6.2021-ലെ PAN/164/2021-D8(DP) നമ്പർ ഉത്തരവ്.
4. ശ്രീ.ജയൻ ജോണി സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത എതിർവാദ പത്രിക.
5. ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 04.03.2022 ലെ ബി1-9473/2020 നമ്പർ കത്ത്.
6. ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13.07.2022ലെ ബി1-9473/2020 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്
7. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14.7.2023-ലെ LSGD/PD/10604/2023-VIGB3 നമ്പർ ഉത്തരവ്.
8. ശ്രീ.ജയൻ ജോണി-യുടെ 16.08.2023 തീയതിയിലെ അപ്പീൽ അപേക്ഷ.
9. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറകറുടെ 06.11.2024 ലെ PD/10604/2023-VIGB3 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ ഏലപ്പാറ ഗ്രാമപഞ്ചായത്തിൽ ഏലപ്പാറ ഹെലിബെറിയ റോഡിൽ പ്രൈമറി ഹെൽത്ത് സെന്ററിനു സമീപത്തായി ശ്രീ. മജു പി.ജോർജ്ജ്,

പൈങ്ങലിൽ എന്നയാൾ ഗ്രാമപഞ്ചായത്തിന്റെ അനുവാദമോ അനുമതിപത്രമോ വാങ്ങാതെ അനധികൃതമായി കെട്ടിടനിർമ്മാണം നടത്തുന്നുവെന്നുള്ള ശ്രീ. നഹാസ് ആർ.-ന്റെ പരാതി പ്രകാരം പരാമർശ കെട്ടിട നിർമ്മാണത്തിന്മേൽ നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ സെക്രട്ടറിയുടെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചതായുള്ള ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഏലപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ജയൻ ജോണി-യെ പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്യുകയും, 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ചുവടെപ്പറയുന്ന കുറ്റങ്ങൾ ആരോപിച്ച് പരാമർശം (2) പ്രകാരം കുറ്റാരോപണമെമ്മോ നൽകി അച്ചടക്കനടപടി ആരംഭിക്കുകയും ചെയ്തിരുന്നു.

- *ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിലെ ഏലപ്പാറ -ഹെലിബെറിയ റോഡിൽ പ്രൈമറി ഹെൽത്ത് സെന്ററിനു സമീപത്തായി ശ്രീ. മജു പി.ജോർജ്ജ് പൈങ്ങാലിൽ എന്നയാൾ ഗ്രാമപഞ്ചായത്തിന്റെ അനുവാദമോ അനുമതി പത്രമോ വാങ്ങാതെ അനധികൃതമായി കെട്ടിടനിർമ്മാണം നടത്തുകയും ആയതിന്മേലുള്ള പരാതി ഉണ്ടാകുവാൻ ഇടയാക്കിയതുമായ സാഹചര്യം അതീവ ഗുരുതരമായി കാണുന്നു.*
- *ഇത്തരത്തിലുള്ള ചട്ടലംഘനങ്ങൾ നടന്നതിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെന്ന നിലയിൽ ശ്രീ.ജയൻ ജോണി യഥാസമയം നടപടി സ്വീകരിക്കാതിരുന്നതും ഗുരുതരമായി കാണുന്നു.*
- *മേൽപ്പറഞ്ഞ കോൺക്രീറ്റ് കെട്ടിടം 30 ച.മീ വിസ്തീർണ്ണത്തിൽ തോട് കൈയ്യേറി നിർമ്മിച്ചിരിക്കുന്നു എന്ന പരാതി ലഭിച്ചപ്പോൾ നടപടി സ്വീകരിച്ചുവെങ്കിലും ആയതിന് ശരിയായ വിധം ഫോളോ അപ്പ് നടത്താതിരുന്നത് ടിയാന്റെ ഭാഗത്തു നിന്നുമുണ്ടായ അനാസ്ഥയാണ്. ആയതും ഗൗരവപൂർവ്വം വീക്ഷിക്കുന്നു.*

2. കുറ്റാരോപണമെമ്മോ നൽകി അച്ചടക്ക നടപടികൾ ആരംഭിച്ചതിനെ തുടർന്ന് സേവനത്തിൽ പുനഃപ്രവേശിപ്പിക്കണമെന്നുള്ള ശ്രീ. ജയൻ ജോണിയുടെ അപേക്ഷയിൽ, ഇടുക്കി ജില്ലാകളക്ടറുടെ ശിപാർശ കൂടി പരിഗണിച്ച് അച്ചടക്ക നടപടികൾക്കു വിധേയമായി പരാമർശം (3) പ്രകാരം ടിയാനെ സേവനത്തിൽ പുനഃപ്രവേശിപ്പിച്ചിരുന്നു. കുറ്റാരോപണ മെമ്മോ-യ്ക്ക് ശ്രീ.ജയൻ ജോണി പരാമർശം (4) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികയിൽ, പരാമർശ കെട്ടിട നിർമ്മാണം സംബന്ധിച്ച് ശ്രീ. വിനോജി എന്നയാളിൽ നിന്നും 28.12.2020-ന് ലഭിച്ച പരാതി പ്രകാരം, അന്നേ ദിവസം തന്നെ കൊറോണ സമ്പർക്കത്താൽ അവധിയിലായിരുന്നിട്ടു കൂടി, ആയത് ഓഫീസ് ജീവനക്കാർ ഫോൺ മുഖേന അറിയിച്ചതിൻ പ്രകാരം വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് സ്ഥലപരിശോധന നടത്താൻ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നുവെന്നും ചട്ടലംഘനം റിപ്പോർട്ട് ചെയ്തിരുന്നതിൻ പ്രകാരം

കൊറോണ ക്വാറന്റെൻ കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിച്ച 29.12.2021-ന് തന്നെ നിർമ്മാണം നിർത്തി വയ്ക്കാൻ കേരള പഞ്ചായത്ത് രാജ് നിയമം 235(W) പ്രകാരം നോട്ടീസ് നൽകിയിരുന്നുവെന്നും എന്നാൽ ആയത് കണക്കിലെടുക്കാതെ കെട്ടിട ഉടമ അന്ന് രാത്രി സംഘടിതമായി കെട്ടിട നിർമ്മാണം തുടരുകയായിരുന്നുവെന്നും ആയത് സംബന്ധിച്ച കൊല്ലം ജില്ലാ കളക്ടറുടെ അറിയിപ്പ് രാത്രി 9 മണിയോടെ ലഭിച്ചയുടനെ പോലീസിനെ അറിയിച്ച് സംഭവസ്ഥലത്ത് എത്തുന്നതിന് അഭ്യർത്ഥിച്ചിരുന്നുവെന്നും വാഹനം ലഭ്യമല്ലാതിരുന്നതിനാൽ താമസസ്ഥലത്ത് നിന്നും 16 കി. മീ അകലെയുള്ള സംഭവ സ്ഥലത്ത് രാത്രിയിൽ നടന്ന് യാത്ര ചെയ്ത് പോലീസിനോടൊപ്പം എത്തിച്ചേരാൻ കഴിഞ്ഞിരുന്നില്ലെന്നും, ആയത് മനഃപൂർവ്വമായ കൃത്യ വിലോപമായിരുന്നില്ലെന്നും 30.12.2021-ന് അനധികൃത നിർമ്മാണം പൊളിച്ചു മാറ്റുന്നതിന് കക്ഷിക്ക് വീണ്ടും നോട്ടീസ് നൽകിയിരുന്നുവെന്നും കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയിട്ടില്ലെന്നും വിശദീകരിക്കുകയും അച്ചടക്ക നടപടി ഉപേക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

3. ശ്രീ ജയൻ ജോണിയുടെ എതിർവാദ പത്രികയ്ക്ക് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (5) പ്രകാരം അഭിപ്രായ റിപ്പോർട്ട് സമർപ്പിക്കുകയും ആയതിൽ, ശ്രീ. ജയൻ ജോണിയുടെ വിശദീകരണം യഥാർത്ഥ്യമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും അനധികൃത നിർമ്മാണം സംബന്ധിച്ച് ജില്ലാ കളക്ടറുടെ നിർദ്ദേശം ലഭിച്ചപ്പോൾ സെക്രട്ടറി പീരുമേട് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറെ വിവരം അറിയിക്കുകയും തുടർന്ന് പോലീസ് സംഘം നേരിട്ട് സ്ഥലത്ത് എത്തി നിർമ്മാണ പ്രവർത്തനം നിർത്തി വയ്പിച്ചിട്ടുള്ളതാണെന്ന മറുപടി വാസ്തവമാണെന്നും എന്നാൽ അനധികൃത നിർമ്മാണം നടക്കുന്ന സ്ഥലത്ത് നേരിട്ട് എത്തി പരിശോധന നടത്താതിരുന്നത് വീഴ്ചയാണെന്നും 50 ഓളം പേർ വരുന്ന നിർമ്മാണ സ്ഥലത്ത് എത്താതിരുന്നത് ഭയം മൂലമാണെന്ന ടിയാളുടെ മറുപടി അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും അറിയിച്ചിരുന്നു.

4. 1960 ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പിലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിന്മേൽ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഔപചാരിക അന്വേഷണം നടത്തി സമർപ്പിച്ച പരാമർശം (6) റിപ്പോർട്ടിൽ, ശ്രീ. ജയൻ ജോണി കോവിഡ് ക്വാറന്റെനുമായി ബന്ധപ്പെട്ട് അവധിയിലായിരുന്ന 28.12.2020-ന് അനധികൃത കെട്ടിട നിർമ്മാണം നടത്തുന്നതായുള്ള ശ്രീ. വിനോദ് കെ.വി. വാലുപറമ്പിൽ എന്നയാളുടെ പരാതി ലഭിച്ചതിൻ പ്രകാരം അന്നുതന്നെ ആയത് സംബന്ധിച്ച അന്വേഷണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും, അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തി 28.12.2020-ലെ 165/AELSGD/2020-21 നമ്പരായി റിപ്പോർട്ട് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി ദിവസം തന്നെ അനധികൃത നിർമ്മാണം നിർത്തി വയ്ക്കുന്നതിന്

അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നിർദ്ദേശം നൽകുകകയും അനധികൃത നിർമ്മാണം നിർത്തി വയ്ക്കുവാൻ **29.12.2020-ന്** ഔപചാരികമായി നോട്ടീസ് നൽകിയിരുന്നുവെന്നും എന്നാൽ സെക്രട്ടറിയുടെ നോട്ടീസിലെ നിർദ്ദേശം പാലിക്കാതെ രാത്രിയുടെ മറവിൽ കെട്ടിട ഉടമ നിർമ്മാണം നടത്തുകയായിരുന്നുവെന്നും ആയത് ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെട്ടതിൻ പ്രകാരം സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതിനെ തുടർന്ന് സെക്രട്ടറി പോലീസിനെ വിവരം അറിയിക്കുകയും പോലീസ് സംഘം സ്ഥലത്ത് എത്തി നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്പ്പിക്കുകയും ചെയ്തിരുന്നു എന്നത് വാസ്തവമാണെന്നും, തുടർന്ന് **30.12.2020-ന്** കേരള പഞ്ചായത്ത് രാജ് നിയമത്തിലെ ചട്ടം **235(W)** പ്രകാരം കെട്ടിടം പൊളിച്ചു നീക്കുന്നതിന് വീണ്ടും കക്ഷിക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും അപ്രകാരം നോട്ടീസ് നൽകിയതിന് ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ലെന്നും പരാതി ലഭിച്ച **28.12.2020** തീയതി മുതൽ ടിയാൾ സസ്പെൻഷനിലായ **04.1.2021** വരെയുള്ള **8** ദിവസത്തിനകം തന്നെ ടി അനധികൃത നിർമ്മാണത്തിനെതിരെ നിയമനാനുസൃതം സ്വീകരിക്കേണ്ട എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും ജില്ലാ കളക്ടറുടെ നിർദ്ദേശം ലഭിച്ചപ്പോൾ പോലീസ് സംഘത്തോടൊപ്പം സംഭവസ്ഥലത്ത് എത്തിയിരുന്നില്ലെന്നുള്ളത് വസ്തുതയാണെന്നും, നേരിട്ട് സ്ഥലത്ത് പോയില്ലെങ്കിലും പീരുമേട് പോലീസുമായി ബന്ധപ്പെടുകയും പോലീസ് നേരിട്ട് സ്ഥലത്തെത്തി തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്നും, നിർമ്മാണ സ്ഥലത്ത് **50** ഓളം പേർ ഉണ്ടായിരുന്നു എന്നും ആക്രമിക്കപ്പെടുമോയെന്നുള്ള ഭയം മൂലമാണ് സ്ഥലത്ത് നേരിട്ട് പോകാതിരുന്നത് എന്ന ടിയാന്റെ വാദം യുക്തിസഹമാണെന്നും എന്നാൽ പോലീസ് സംഘത്തോടൊപ്പം സംഭവസ്ഥലത്ത് എത്താതിരുന്നത് ടിയാന്റെ ഭാഗത്തുനിന്നുള്ള നിരുത്തരവാദപരമായ പ്രവൃത്തിയായതിനാൽ മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുവാൻ ടിയാൾക്ക് കർശന താക്കീത് നൽകി അച്ചടക്ക നടപടി അവസാനിപ്പിക്കാവുന്നതാണെന്നും ശിപാർശ ചെയ്തിരുന്നു.

**5.** പ്രസ്തുത ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാതിക്കാധാരമായ കെട്ടിട നിർമ്മാണം തടയുന്നതിൽ നിയമാനുസരണമുള്ള നടപടികൾ സ്വീകരിക്കാതിരുന്നതും കളക്ടറുടെ നിർദേശം ലഭിച്ചതിനെ തുടർന്ന് പോലീസിനെ വിവരം അറിയിച്ചെങ്കിലും പോലീസ് സംഘം സ്ഥലത്ത് എത്തിയപ്പോൾ അവരോടൊപ്പം സംഭവ സ്ഥലത്ത് എത്താതിരുന്നതും ടിയാന്റെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ കൃത്യവിലോപവും കൃത്യനിർവ്വഹണ വീഴ്ചയും നിരുത്തരവാദപരമായ സമീപനമാണെന്നും ബോധ്യപ്പെട്ടതിൻ പ്രകാരം ശ്രീ.ജയൻ ജോണിയുടെ രണ്ട് വാർഷിക ശമ്പള വർദ്ധനവുകൾ സഞ്ചിത ഫലത്തോടെ തടഞ്ഞ് താൽക്കാലികമായി ശിക്ഷ നിശ്ചയിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകി ടിയാൾക്കെതിരായ അച്ചടക്ക നടപടി തുടരുകയും ടിയാളെ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിലും ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ശ്രീ.ജയൻ ജോണിക്കെതിരായ കുറ്റം നിലനിൽക്കുന്നതിനാൽ കാരണം കാണിക്കൽ നോട്ടീസിൽ നിശ്ചയിച്ച രണ്ട് വാർഷിക ശമ്പള

വർദ്ധനവുകൾ സഞ്ചിത ഫലത്തോടെ തടയുന്നതിനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി പരമർശം (7) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അച്ചടക്കനടപടി തീർപ്പാക്കിയിരുന്നു.

6. 28.12.2020-ൽ കോവിഡ് ക്വാറന്റൈനിൽ അവധിയിലായിരുന്നിട്ടു കൂടി പരാമർശ കെട്ടിടം അനധികൃതമായി നിർമ്മിക്കുന്നുവെന്നുള്ള പരാതി ലഭിച്ചതായി ഓഫീസിൽ നിന്നും അറിയിച്ചതിൻ പ്രകാരം അന്വേഷണത്തിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചട്ടലംഘനം ബോധ്യപ്പെട്ടതിൻ പ്രകാരം കെട്ടിട നിർമ്മാണം നിർത്തി വയ്ക്കാൻ നോട്ടീസ് നൽകിയതും പോലീസ് സഹായം ഉറപ്പുവരുത്തിയതും കൂടാതെ കെട്ടിടം പൊളിച്ചു കളയുന്നതിനുമുള്ള നോട്ടീസ് നൽകിയതുൾപ്പെടെ നടപടികൾ സമയബന്ധിതമായ സ്വീകരിച്ചിട്ടുള്ളതിനാൽ ഈ വിഷയത്തിൽ മനഃപൂർവ്വമായ കൃത്യ വിലോപം സംഭവിച്ചിട്ടില്ലെന്ന് ഉത്തമ ബോധ്യമുള്ളതിനാൽ സഞ്ചിത ഫലത്തോടെ 2 ഇൻക്രിമെന്റ് തടഞ്ഞുകൊണ്ടുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ 14.07.2023-ലെ മേൽ പ്രകാരമുള്ള ഉത്തരവ് റദ്ദു ചെയ്യണമെന്ന് അഭ്യർത്ഥിച്ച് ശ്രീ.ജയൻ ജോണി പരാമർശം (8) പ്രകാരം അപ്പീൽ സമർപ്പിച്ചിരുന്നു.

7. ശ്രീ.ജയൻ ജോണി സമർപ്പിച്ച അപ്പീലിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (9) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആയതിൽ, ഇടുക്കി ഡെപ്യൂട്ടി ഡയറക്ടറുടെ ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ കുറ്റാരോപണ പത്രികയിലെ ചാർജുകൾ വിട്ടുകളഞ്ഞിട്ടില്ലാത്തതും, ജില്ലാ കളക്ടറുടെ നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് പോലീസിനെ വിവരം അറിയിച്ചെങ്കിലും പോലീസ് സംഘം സ്ഥലത്ത് എത്തിയപ്പോൾ അവരോടൊപ്പം സംഭവസ്ഥലത്ത് എത്താതിരുന്നത് ടിയാന്റെ ഭാഗത്തുനിന്നുള്ള നിരുത്തരവാദപരമായ പ്രവൃത്തിയായി കാണുന്നുവെന്നും സൂചിപ്പിച്ചിട്ടുള്ളത് പരിഗണിച്ചും ടിയാന്റെ രണ്ട് വാർഷിക ശമ്പള വർദ്ധനവുകൾ സഞ്ചിത ഫലത്തോടെ തടഞ്ഞുകൊണ്ട് താൽകാലിക ശിക്ഷ നിശ്ചയിച്ചുകൊണ്ടുള്ള കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.ജയൻ ജോണി സമർപ്പിച്ചിരുന്ന മറുപടിയും ടിയാൻ നേർകാഴ്ചാ വേളയിൽ സമർപ്പിച്ച സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ ടിയാനെതിരായ ശിക്ഷയിൽ ഇളവ് വരുത്തുന്നതിന് പര്യാപ്തമല്ല എന്ന് കണ്ടുകൊണ്ടുമാണ് ടിയാനെതിരായ അച്ചടക്കനടപടി അന്തിമമാക്കി ഉത്തരവായിട്ടുള്ളതെന്ന് അറിയിച്ചിരുന്നു.

8. ശ്രീ.ജയൻ ജോണിയെ സർക്കാർ തലത്തിൽ നേരിൽ കേൾക്കുകയും ടി വിഷയത്തിൽ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ഫയൽ പരിശോധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വസ്തുതകൾ ചുവടെ ചേർക്കുന്നു.

i. ഇടുക്കി ജില്ലയിലെ ഏലപ്പാറ ഗ്രാമപഞ്ചായത്തിൽ തോടു കൈയ്യേറി സ്വകാര്യവ്യക്തി നടത്തുന്ന അനധികൃത നിർമ്മാണത്തിന് പഞ്ചായത്ത്

സെക്രട്ടറി ഒത്താശ ചെയ്യുന്നു എന്നുള്ള ശ്രീ. നഹാസ് ആർ-ന്റെ **30.12.2020**-ലെ പരാതിയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത അനധികൃത നിർമ്മാണം തടയുന്നതിന് യഥാസമയം നടപടി സ്വീകരിച്ചില്ലെന്ന ആരോപണം ചുമത്തിയാണ് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ ജയൻ ജോണിയെ സസസ്പെന്റ് ചെയ്തിരുന്നത്. കൂടാതെ മേൽപ്പറഞ്ഞ കോൺക്രീറ്റ് കെട്ടിടം **30** ച.മീ വിസ്തീർണ്ണത്തിൽ തോട് കൈയ്യേറി നിർമ്മിച്ചിരിക്കുന്നു എന്ന പരാതി ലഭിച്ചപ്പോൾ നടപടി സ്വീകരിച്ചുവെങ്കിലും ആയതിന് ശരിയായ വിധം ഫോളോ അപ്പ് നടത്താതിരുന്നത് ടിയാന്റെ ഭാഗത്തു നിന്നുമുണ്ടായ അനാസ്ഥയാണെന്നും ആയത് ചട്ടലംഘനവും അധികാര ദുർവിനിയോഗവും ആണെന്ന് കണ്ട് നൽകിയ കുറ്റപത്രത്തിലെ പ്രസ്തുത ആരോപണങ്ങൾ നിലനിൽക്കുന്നതാണെന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് ആരോപണ വിധേയനായ ഏലപ്പാറ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ ജയൻ ജോണിയുടെ രണ്ട് വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെ തടഞ്ഞിട്ടുള്ളത്. എന്നാൽ, ആറ്റുപുറമ്പോക്ക് ഭൂമിയിൽ ശ്രീ. മജു പി ജോർജ്ജ് എന്നയാൾ അനധികൃതമായി കെട്ടിടം നിർമ്മിക്കുന്നു എന്നുള്ള ശ്രീ. വിനോജി കെ.വി.-യുടെ പരാതി **28.12.2020**-ന് പഞ്ചായത്തിൽ ലഭിച്ചിരുന്നതിൻ പ്രകാരം അവധിയിലായിരുന്നിട്ടു കൂടി സെക്രട്ടറി ആയത് സംബന്ധിച്ച് അന്വേഷണത്തിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ഇതു സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെ **28.12.2020**-ലെ **165/AELSGD/2020-21** നമ്പർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനധിക്ൃത നിർമ്മാണം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നിർമ്മാണം നിർത്തിവയ്ക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ കെട്ടിടമുടമയ്ക്ക് നിർദ്ദേശം നൽകിയിരുന്നതും **29.12.2020**-ൽ അവധി കഴിഞ്ഞ് എത്തിയ സെക്രട്ടറി കെട്ടിടമുടമയ്ക്ക് **ബി2/5856/2020** നമ്പരായി സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതും സെക്രട്ടറിയുടെ നിർദ്ദേശം ലംഘിച്ച് അന്ന് രാത്രി കെട്ടിട ഉടമ സംഘടിതമായി നിർമ്മാണം നടത്തിയതിനെ തുടർന്ന് പ്രസ്തുത അനധികൃത നിർമ്മാണം **1996**-ലെ കേരള പഞ്ചായത്ത് രാജ് ചട്ടം **235(W)**-ന്റെ ലംഘനമാണെന്ന് ചൂണ്ടിക്കാട്ടി ആയത് പൊളിച്ചു കളയുന്നതിന് **30.12.2020**ൽ വീണ്ടും നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. കൂടാതെ ടി അനധികൃത നിർമ്മാണം പഞ്ചായത്തിന്റെ അറിവോടെയല്ലെന്നും രാഷ്ട്രീയ സ്വാധീനമുപയോഗിച്ചാണ് നിർമ്മാണമെന്നും ശ്രീ. വിനോജി കെ.വി-യുടെ പരാതിയിൽ തന്നെ സൂചിപ്പിച്ചിരിക്കുന്നു. ആയതിനാൽ ചട്ടലംഘനം നടന്നതിന് പഞ്ചായത്ത് സെക്രട്ടറി യഥാസമയം നടപടി സ്വീകരിച്ചില്ലെന്ന ആരോപണം വസ്തുതാപരമല്ല.

ii. അനധികൃത നിർമ്മിതിയ്ക്കെതിരെ സ്റ്റോപ്പ്മെമ്മോ നൽകുകയും പോലീസിന് കത്ത് കൊടുക്കുകയോ മാത്രമല്ല ചെയ്യേണ്ടിയിരുന്നത്, മറിച്ച് പോലീസിന്റെ സഹായത്തോടെ ടി നിർമ്മാണം തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതായിരുന്നു, ആയതിന് ടിയാളുടെ ഭാഗത്ത് അലംഭാവം

വന്നിട്ടുള്ളതാണ് എന്നാണ് ജില്ലാകളക്ടറുടെ റിപ്പോർട്ടിൽ പരാമർശിക്കുന്നത്. **29.12.2020**-ന് സെക്രട്ടറി സ്റ്റോപ്പ് മെമ്മോ നൽകിയതിന് ശേഷം അന്ന് രാത്രി സെക്രട്ടറിയുടെ ഉത്തരവ് ലംഘിച്ച് സംഘടിതരായ ആളുകളുടെ നേതൃത്വത്തിലാണ് കോൺക്രീറ്റ് നടത്തിയത് എന്ന് നേരിൽ കേട്ട വേളയിൽ പരാതിക്കാരൻ ബോധിപ്പിച്ചിട്ടുള്ളതും , ഈ വിവരം രാത്രിയോടെ ജില്ലാകളക്ടർ ഫോൺ മുഖേന സെക്രട്ടറിയെ അറിയിച്ചിരുന്നതിൻ പ്രകാരം സെക്രട്ടറി പീരുമേട് **SHO** -യെ ഫോൺ മുഖേന അറിയിച്ചിട്ടുള്ളതാണെന്ന് കക്ഷി ബോധിപ്പിച്ചിട്ടുള്ളത് വാസ്തവമാണെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ടിലും ഔപചാരിക അന്വേഷണ റിപ്പോർട്ടിലും സ്ഥിരീകരിക്കുന്നു. ഇടുക്കി ജില്ലയിലെ ഏലപ്പാറയിൽപ്പെടുന്ന സംഭവ സ്ഥലത്ത് എത്താതിരുന്നത് അസമയത്ത് വാഹനം ലഭിക്കാത്തതുമൂലമാണെന്ന, സ്ഥലവാസിയല്ലാത്ത ടിയാളുടെ വിശദീകരണം, അവിശ്വസിക്കേണ്ടതായി കാണുന്നില്ല.

**9.** മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ ഏലപ്പാറ ഗ്രാമ പഞ്ചായത്തിലെ അനധികൃത നിർമ്മാണം സംബന്ധിച്ച പരാതിയുമായി ബന്ധപ്പെട്ട് ജില്ലാ മജിസ്ട്രേട് കൂടിയായ ജില്ലാ കളക്ടറുടെ നിർദേശം സെക്രട്ടറിയായിരുന്ന ശ്രീ. ജയൻ ജോണി യഥാസമയം നടപ്പാക്കിയിട്ടില്ല എന്നുള്ള സാഹചര്യം ഗൗരവമുള്ളതാണെന്ന് കാണുന്നു. സ്ഥലത്തു എത്തിച്ചേരാനോ ഒരു ടീമിനെ സജ്ജരാക്കി എത്തിക്കാനോ ഉള്ള ശ്രമം നടത്തിയില്ല എന്നതും കൃത്യവിലോപമാണ്. എങ്കിലും, അസമയത് വാഹനം ലഭിച്ചില്ലെന്നതും അപ്രതീക്ഷിതമായ സാഹചര്യവും കണക്കിലെടുത്ത്, ടിയാനെതിരെ **1960** ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പിലും) ചട്ടങ്ങളിലെ ചട്ടം **15** പ്രകാരം വകുപ്പുതലത്തിൽ സ്വീകരിച്ച അച്ചടക്ക നടപടിയിൽ ടിയാന്റെ *'രണ്ട് വാർഷിക ശമ്പള വർദ്ധനവുകൾ സഞ്ചിത ഫലത്തോടെ തടയുക'* എന്ന ശിക്ഷ നൽകി തീർപ്പാക്കിയ ഉത്തരവ് പുനഃപരിശോധിച്ച്, പ്രസ്തുത ശിക്ഷയിൽ ഇളവു വരുത്തി ആയത് *'രണ്ട് വാർഷിക ശമ്പള വർദ്ധനവുകൾ സഞ്ചിതഫലത്തോടെയല്ലാതെ തടയുക'* എന്ന് നിശ്ചയിച്ച് പരാമർശം (**8**) അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇതുസംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള,തിരുവനന്തപുരം/തൃശ്ശൂർ
3. ശ്രീ.ജയൻ ജോണി,മുൻ സെക്രട്ടറി,എലപ്പാറ ഗ്രാമപഞ്ചായത്ത്,ഇടുക്കി *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*

4. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി
5. വിവര,പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/94/2024/തസ്വഭവ . നമ്പർ ഫയലിലേക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 22-05-2025 11:00:20
സെക്ഷൻ ഓഫീസർ